## 962

ജഗന്നാഥനേശു രാജൻ വരുമേ ശുഭയുഗം തുടർന്നീടുമാറാകുമേ
പോം ദുഷ്ടാത്മസേനകൾ നിശ്ശേഷമായ്
ഭൂവിൽ രാജരാജനായ് താൻ വാഴുമേ

1 ആദിയിൽ ദൈവം ആദമോടോതി നീ വാഴ്ക ഭൂമിയാസകലം-ഓ
ആദമന്നതിനെയവഗണിച്ചതിനാൽ ശാപം കലർന്നു പാരഖിലം
എന്നാൽ ക്രിസ്തേശു വിടുവിച്ചു ഭൂമിയെ
ദൈവം ഉദ്ദേശിച്ചതുപോലെയാക്കുമേ
പോം ദുഷ്ടാത്മസേനകൾ നിശ്ശേഷമായ്
ഭൂവിൽ രാജരാജനായ് താൻ വാഴുമേ-

2 എന്തൊരുല്ലാസം പൂണ്ടൊരു വാസം കൈവന്നിടും തന്നാളുകളിൽ
ഇന്നു ഭൂവാസം തന്ന പ്രയാസം ഒന്നാകെ പോമന്നാളുകളിൽ
മന്നിൽ സ്വർലോക സുഖമാർക്കുമേകുമേ
തന്നിൽ സർവ്വാധികാരവുമാകുമേ
പോം ദുഷ്ടാത്മസേനകൾ നിശ്ശേഷമായ്
ഭൂവിൽ രാജരാജനായ് താൻ വാഴുമേ- **T.K.S.**